പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3550** **10. 04. 2013**- ലെ മറുപടി

## സൗദി അറേബ്യയിലെ തൊഴിൽ പ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യയിൽ നടപ്പിലാക്കുന്ന നിതാഖാത് നിയമം കാരണം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങി വരുന്ന മലയാളികൾക്ക് നേരിടേണ്ടിവരുന്ന ജീവിത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സൗദി അറേബ്യയിൽ നിതാഖത് നിയമം കർശനമായി നടപ്പാക്കുമ്പോൾ ആ രാജ്യത്ത് തൊഴിൽ തേടിപ്പോയ പ്രവാസി മലയാളികൾക്ക് പ്രയാസങ്ങൾ ഉണ്ടാകുമെന്ന് കരുതുന്നുണ്ട്. |
| (ബി)സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലയിൽവലിയ ആഘാതം സൃഷ്ടിക്കുന്ന ഈ പ്രശ്നത്തിൽ കേന്ദ്രതലത്തിൽ എന്തെല്ലാം ഇടപെടലുകൾ നടത്തി എന്ന് വിശദമാക്കാമോ; | (ബി) സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശി വത്ക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിതാഖാത്ത് സമ്പ്രദായം ശക്തമാക്കിയതിനെത്തുടർന്ന് പ്രവാസി ഇന്ത്യാക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിരന്തര സമ്മർദ്ദഫലമായി സ്വദേശിവത്കരണം മൂന്ന മാസത്തേയ്ക്കുകൂടി നിർത്തിവെച്ചുകൊണ്ട് സൗദി ഭരണകൂടം തീരുമാനം എടുത്തതായി പത്രദ്വാരാ അറിവായിട്ടുണ്ട്. |
| (സി)ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ടോ; കത്തിൽ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാം; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) നൽകിയിട്ടുണ്ട്. സ്വദേശിവത്കരണ നിയമം ശക്തമാക്കുമ്പോൾ ഇന്ത്യക്കാരുടെ തൊഴിൽ അവസരം ഇല്ലാതാകുന്നതിനെപ്പറ്റി കടുത്ത ആശങ്ക അറിയിക്കുകയും ഒരു വിദേശരാജ്യത്തിന്റെ പരമാധികാരത്തിൽപ്പെട്ട ആഭ്യന്തര – നയപരമായ കാര്യങ്ങളിൽ ഇടപെടുന്നതിന് പരിധികളുണ്ടെങ്കിലും നമ്മുടെ രാജ്യത്തിന്റെ എളിയ അഭ്യർത്ഥനയുടെ രൂപത്തിൽ ഈ നിയമം നടപ്പാക്കുന്നത് നീട്ടിവയ്ക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അറിയിച്ചു. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള എല്ലാ സൗഹൃദ ബന്ധങ്ങളും നയതന്ത്രബന്ധങ്ങളും ഉപയോഗിച്ച് ഒരു മൃദു സമീപനം നേടിയെടുക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

(ഡി)ഇക്കാര്യത്തിൽ ആശങ്കപ്പെടാനില്ല എന്ന കേന്ദ്ര പ്രവാസികാര്യ മന്ത്രിയുടെ പ്രസ്താവന സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഡി) സ്വദേശിവത്കരണ നിയമം കൊണ്ട് മാത്രം ഒട്ടനവധി പ്രവാസി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിവരേണ്ടിവരും എന്ന ഒരു ഔദ്യോഗിക സ്ഥിരീകരണവും ലഭിച്ചിട്ടില്ല. എങ്കിലും ഇക്കാര്യത്തിലുള്ള പ്രവാസി മലയാളികളുടെ ആശങ്ക ഉൾക്കൊണ്ട് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഇ)ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന എത്ര മലയാളികൾ ഉണ്ട് എന്ന് വിശദമായി വ്യക്തമാക്കുന്ന കണക്കുകൾ സർക്കാരിന്റെ പക്കലുണ്ടോ;

(ഇ) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തിരം തയ്യാറാക്കിയ 2011 - ലെ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം സർക്കാരിൽ ലഭ്യമാണ് എന്നാൽ ഇത് ഒരു സമ്പൂർണ്ണ ഡാറ്റാബേസ് അല്ല, മറിച്ച് സാംപ്ലിംഗ് മെത്തേഡ് അനുസരിച്ചുള്ള ഒരു പഠനം ആണ്.

(എഫ്)ഈ നിയമം കാരണം നാട്ടിലേക്ക് മടങ്ങി വരുന്നവരെ എപ്രകാരം പുനരധിവസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(എഫ്) തിരികെവന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡി നൽകാനുള്ള ഒരു പദ്ധതിയ്ക്ക് പ്രാരംഭ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിനു അതീവ പ്രാധാന്യം നൽകികൊണ്ടു തന്നെ സൗദി അറേബ്യ ഉൾപ്പെടെ എല്ലാ ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തുന്ന പ്രവാസി കേരളീയർക്ക് സമഗ്രമായ ഒരു പുനരധിവാസ പദ്ധതി ആവിഷ്കരണം ചെയ്യുന്നതിലേക്ക് സംസ്ഥാന മന്ത്രിമാർ ഉൾപ്പെടുന്ന ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

Respected ..............

I am inviting your kind attention to the press reports that the Kingdom of Saudi Arabia has initiated strong steps to implement 'Nitaquat' law to expand employment avenues to its own nationals which may ultimately lead to the denial of job opportunities for expatriates. We can understand the limitations of Government of India to interfere in the internal policy decisions of KSA, but hope that a friendly appeal to the KSA authorities may save the future of small and medium enterprises of Indians and Indian workforce if the KSA can grant some more time for the implementation of Nitaquat.

My humble request is to understand the seriousness of the situation and its implications in India, especially in Kerala and to seek the advice of the Indian Embassy and also to intervene diplomatically and to use our cordial relations with the authorities of KSA to take a liberal and soft approach regarding implementation of Nitaquat in a time bound manner.

Thanking you,

Yours sincerely,

-/Sd/-

**K. C. Joseph**

**Dr.Manmohan Singh,**
Hon'ble Prime Minister of India
New Delhi

**Shri.A K Antony,**
Hon'ble Minister of Defence,
Govt. of India, New Delhi.

**Shri.Vayalar Ravi,**
Hon'ble Minister of Overseas Indian Affairs
Govt. of India, New Delhi.

**Shri.Salman Khurshid,**
Hon'ble Minister of External Affairs
Govt. of India, New Delhi.

**Shri.E.Ahammed,**
Hon'ble Minister of State for External Affairs
Govt. of India, New Delhi.